LIBRARY ARCHIVES Kerala Legislative Assembly

വാട്ടർ അതോറിറ്റിയിൽനിന്നും പിരിഞ്ഞുപോയവരുടെ പെൻഷൻ ആനുകൂല്യങ്ങൾ

152 (4438) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ നിന്നും പിരിഞ്ഞു പോയവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ, ഡി. സി. ആർ. ജി., പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് തീയതി മുതൽ വിരമിച്ച ജീവനക്കാർക്കാണ് ആനുകൂല്യങ്ങൾ നൽകാൻ ബാക്കിയുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പെൻഷൻ ആനുകൂല്യങ്ങൾ നൽകാത്തതിന് കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പെൻഷൻ ആനുകൂല്യങ്ങൾ എന്നത്തേക്ക് നൽകുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) 1-7-2009-ന് മുമ്പ് വിരമിച്ചവരുടെ പെൻഷൻ കുടിശ്ശിക ഫണ്ടിന്റെ അപര്യാപ്തതമൂലം ഭാഗികമായി മാത്രമേ നൽകുവാൻ കഴിഞ്ഞിട്ടുള്ളൂ. 1-9-2013-ന് ശേഷം പെൻഷൻ ഉത്തരവായവരിൽ ആനുകൂല്യങ്ങൾ മുഴുവനായോ ഭാഗികമായോ നൽകുവാനുണ്ട്.

(ഡി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നൽകുന്നതാണ്.

വാട്ടർ അതോറിറ്റിക്ക് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക

153 (4439) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ തുടങ്ങിയവരിൽനിന്നും കേരളാ വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ തുടങ്ങിയ എല്ലാ ഉപഭോക്താക്കളിൽനിന്നും 31-3-2014-ലെ കണക്കനുസരിച്ച് കുടിവെള്ള ചാർജ്ജിനത്തിൽ (പലിശയും പിഴപ്പലിശയും സർചാർജ്ജും ഉൾപ്പെടെ) പിരിഞ്ഞുകിട്ടാനുള്ള തുക ചുവടെ ചേർക്കുന്നു:

ഗാർഹികം	-	112.42 കോടി രൂപ
ഗാർഹികേതരം	-	310.00 കോടി രൂപ
വ്യാവസായികം	-	38.00 കോടി രൂപ
പൊതുടാപ്പ്	-	153.36 കോടി രൂപ
ആകെ	-	613.78 കോടി രൂപ

സ്വകാര്യ വ്യക്തികളുടെ കുടിവെള്ള കണക്ഷൻ മാത്രമാണ് ഗാർഹിക വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഗാർഹികേതര കുടിശ്ശികയിനത്തിൽ ഭൂരിഭാഗവും പലിശയിനത്തിലും പിഴപ്പലിശയിനത്തിലും ഉൾപ്പെട്ടതാണ്.

(ബി) കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് കണക്ഷൻ വിച്ഛേദിക്കാനുള്ള നോട്ടീസ് നൽകുകയും കണക്ഷൻ വിച്ഛേദിക്കുകയും റവന്യൂ റിക്കവറിക്ക് ശിപാർശ ചെയ്യുകയും ചെയ്യാറുണ്ട്. കൂടാതെ ജില്ലാ തലത്തിൽ ഒരു അദാലത്ത് നടത്തി കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കുടിശ്ശിക തീർപ്പാക്കാൻ മുന്നോട്ടുവരുന്ന ഉപഭോക്താക്കൾക്ക് പിഴപ്പലിശയിൽ കുറവ് ചെയ്തുനൽകുന്നതാണ്.

നദീസംയോജന പദ്ധതി

154 (4440) ശ്രീ. കെ. അജിത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ നദീസംയോജന പദ്ധതിയിൽ ഉൾപ്പെടുന്ന കേരളത്തിലെ നദികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) നദീസംയോജനത്തിനായി പഠനം നടത്തിയ ഏജൻസി ഏതെന്നും പ്രസ്തുത പദ്ധതിയിൽ കേരളത്തിലെ നദികൾ ഉൾപ്പെടാനുണ്ടായ സാഹചര്യം എന്തെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly